(ബി, സി) സംസ്ഥാന സർക്കാരിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തെരഞ്ഞെടുത്ത മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ഫിഷറീസ് ഡിസ്പെൻസറികൾ നിർമ്മിച്ചു നൽകുന്നത്. 15 ഇന പരിപാടിയിൽ ഉൾപ്പെടുത്തിയാണ് മൽസ്യത്തൊഴിലാളി ഭവനങ്ങളിൽ കക്കൂസ് നിർമ്മിച്ചു വരുന്നത്. മൽസ്യഫെഡ്, ഹഡ്കോയുടെ ധനസഹായത്തോടുകൂടിയാണ് കക്കൂസ് നിർമ്മിക്കുന്നത്. മൽസ്യത്തൊഴിലാളി ഭവനങ്ങളിൽ യൂണിറ്റ് ഒന്നിന് 2,500 രൂപ നിരക്കിലാണ് കക്കൂസ് നിർമ്മിച്ചുവരുന്നത്. ഈ പദ്ധതി കേരളാ മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡാണ് നടപ്പിലാക്കുന്നത്. ഇതിനായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഹഡ്കോയുടെ ധനസഹായത്തോടെ മൽസ്യഫെഡ് നിർമ്മിച്ചു നൽകുന്ന കക്കൂസ് ഒന്നിന് 2,250 രൂപ നിരക്കിലാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. പത്താം ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച മൊത്തം 50 കോടി രൂപയിൽ 7 കോടി രൂപ ഉപയോഗിച്ച് മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി 1996-97 സാമ്പത്തികവർഷം മുതൽ തുടർച്ചയായി 4 വർഷംകൊണ്ടാണ് നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിട്ടുള്ളത്.

കാണാതായ മൽസ്യത്തൊഴിലാളികൾ

69 [1664] ശ്രീ. ജോർജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ കാണാതാകുന്ന മൽസ്യത്തൊഴിലാളികളെ കണ്ടുപിടിക്കുന്നതിന് സംസ്ഥാന ഫിഷറീസ് വകുപ്പിന് എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കടലിൽ മൽസ്യബന്ധനത്തിനുപോയ എത്ര പേരെ കാണാതായി;

(സി) ഇവരിൽ എത്രപേരെ രക്ഷിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കാണാതായവരുടെ കുടുംബത്തിന് എന്തു സഹായങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കടലിൽ കാണാതാകുന്ന മൽസ്യത്തൊഴിലാളികളെ കണ്ടുപിടിക്കുന്നതിന് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് വക പട്രോൾ ബോട്ടുകളും സ്പീഡ് ബോട്ടുകളും ഉപയോഗിക്കാറുണ്ട്. കൂടാതെ ഒ. ബി. എം. ഫിറ്റ് ചെയ്ത വള്ളങ്ങൾ, വാടകയ്ക്ക് എടുക്കുന്ന ഫിഷിംഗ് ബോട്ടുകൾ എന്നിവ തിരച്ചിലിനായി ഉപയോഗിക്കാറുണ്ട്. ഇതിനു പുറമെ നേവിയുടേയും, കോസ്റ്റ്ഗാർഡിന്റെയും കപ്പലുകളും സേർച്ച് പ്ലെയിനുകളും ഉപയോഗിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1-4-1995 മുതൽ 185 പേരെ കാണാതായി.

(സി) കാണാതായ 185 പേരിൽ 153 പേരെ കണ്ടുകിട്ടി. 24 പേർ മരിച്ചുപോയി. 8 പേരെ കണ്ടുകിട്ടിയില്ല.

(ഡി) കാണാതായ 8 പേരുടെ ആശ്രിതർക്ക് 5,000 രൂപ വീതം അടിയന്തിരാശ്വാസം അനുവദിച്ചിട്ടുണ്ട്.

കടലിൽ പോകുന്ന ബോട്ടിൽ ഘടിപ്പിക്കുന്ന മോട്ടോർ

70 [1665] ശ്രീ. പി. വി. മുഹമ്മദ്:
,, ചെർക്കളം അബ്ദുള്ള:
,, ഇസ്ഹാക്ക് കുരിക്കൾ:
,, എം. ജെ. സക്കറിയ:
,, എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990 മുതൽ നാളിതുവരെ ഓരോ കൊല്ലവും എത്ര മൽസ്യത്തൊഴിലാളികൾക്ക് ബോട്ടിൽ ഘടിപ്പിക്കുന്ന മോട്ടോർ വിതരണം ചെയ്തുവെന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഓരോ കൊല്ലവും അതിന് എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(സി) ഇതിന് സബ്സിഡി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ കൊല്ലവും എന്തു തുക വീതം നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബോട്ടിൽ ഘടിപ്പിക്കുന്ന മോട്ടോർ വിതരണം ചെയ്യാറില്ല. പരമ്പരാഗത വള്ളങ്ങളിൽ ഘടിപ്പിക്കുന്ന യന്ത്രങ്ങൾ വിതരണം ചെയ്തു വരുന്നു. 1990 മുതൽ 29-2-1996 വരെ 20,575 പേർക്ക് താഴെ പറയും പ്രകാരം പ്രസ്തുത യന്ത്രങ്ങൾ വിതരണം ചെയ്യുകയുണ്ടായി,

1990-91	..	2341 പേർക്ക്
1991-92	..	2568 ,,
1992-93	..	8387 ,,
1993-94	..	1817 ,,
1994-95	..	2268 ,,
1995-96	..	3194 ,,
ആകെ	..	20,575 പേർക്ക്

LIBRARY ARCHIVES Kerala Legislative Assembly